**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4762** **05.02.2014-ലെ മറുപടിക്ക്**

**<u>നഗരകാര്യ ഡയറക്ടറേറ്റിൽ ജീവനക്കാരുടെ അഭാവം</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

**ശ്രീ. കെ.വി. അബ്ദുൽഖാദർ**

**ശ്രീ. മഞ്ഞളാംകുഴി അലി**
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി**

| | | | |
|---|---|---|---|
| (എ) | നഗരകാര്യ ഡറക്ടറേറ്റിലെ പി.എഫ്. പെൻഷൻ വിഭാഗത്തിൽ മതിയായ ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നഗരകാര്യ ഡറക്ടറേറ്റിൽ പി.എഫ്., പെൻഷൻ വിഭാഗം ആകെ 34 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുള്ളതിൽ ക്ലാർക്ക് തസ്തികയിൽ 6 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. ഇതിന് പുറമേ ആരോഗ്യപരമായ കാരണങ്ങളാൽ പെൻഷൻ ഓഫീസർ 23.11.2013 മുതലും പ്രൊവിഡന്റ് ഫണ്ട് ഓഫീസർ 04.01.2014 മുതലും അവധിയിലും ക്ലാർക്ക് തസ്തികയിലുള്ള 03 ജീവനക്കാർ ഇപ്പോൾ പ്രസവാവധിയിലുമാകുന്നു. |
| (ബി) | ഉണ്ടെങ്കിൽ നഗരസഭാ ജീവനക്കാരുടെ പി.എഫ്, പെൻഷൻ മുതലായ | (ബി) | അവധിയിലുള്ള പ്രൊവിഡന്റ് ഓഫീസർ, പെൻഷൻ ഓഫീസർ എന്നിവരുടെ ചുമതലകൾ, |

| | | | |
|---|---|---|---|
| | കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | | അതാതു വിഭാഗത്തിലെ സീനിയറായ സൂപ്രണ്ട്മാർക്ക് പൂർണ്ണ അധികച്ചുമതല നൽകിയും ഒഴിവുള്ള ക്ലാർക്കുമാരുടെ ചുമതലകൾ മറ്റു ക്ലാർക്കുമാർക്ക് അധികച്ചുമതല നൽകിയും നിർവ്വഹിച്ചു വരുന്നു. ഇതുമൂലം ഈവിഭാഗങ്ങളിലുള്ള ബുദ്ധിമുട്ടുകൾ നല്ലൊരളവിൽ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ (ക്ലാർക്ക് തസ്തികയിൽ 06 എണ്ണം) കേരളാ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ